**ഭരണഭാഷാ-മാതൃഭാഷ**

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ. ഷിബു എ.റ്റി.)**

തിരുവനന്തപുരം

നമ്പർ. 18748/2021/ഇ 4/ഡിപി തീയതി. 15.12.2021

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - പ്രിന്റിംഗ്/ഓഫ്സെറ്റ് വിഭാഗം - സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സർക്കാരിന്റെ 25.02.2017-ലെ 3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്.

2) ശ്രീ. ജിതേഷ് കെ. യുടെ 24.05.2021-ലെ സ്ഥലംമാറ്റ അപേക്ഷ.

3) സർക്കാരിൽ നിന്നുള്ള 25.03.2021-ലെ എച്ച്(1) 105/2020/ഉ.വി.വ. നം. കത്ത്.

4) അച്ചടി വകുപ്പ് ഡയറക്ടറുടെ 08.06.2021-ലെ 2482/2019/ഇ 4/ഡിപി നം. ഉത്തരവ്.

5) 29.11.2021-ലെ എച്ച് 1/118/2021/ഉ.വി.വ. നം. സർക്കാർ കത്ത്.

### ഉത്തരവ്

ഷൊർണ്ണൂർ ഗവ. പ്രസ്സിലെ സീനിയർ ഗ്രേഡ് പ്രിന്റർ ശ്രീ. ജിതേഷ് കെ. കോഴിക്കോട് ഗവ. പ്രസ്സിൽ നിന്നും 31.05.2021-ൽ വിരമിച്ച സീനിയർ ഗ്രേഡ് പ്രിന്റർ ശ്രീ. വി.വി. സുരേഷിന്റെ ഒഴിവിലേയ്ക്ക് തന്നെ നിയമിക്കണമെന്നാവശ്യപ്പെട്ട് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ഒഴിവ് ഉൾപ്പെടെ 34 ഒന്നാം ഗ്രേഡ് ഓഫ്സെറ്റ് ഓപ്പറേറ്റർ/സീനിയർ ഗ്രേഡ് പ്രിന്റർ ഒഴിവുകളിൽ സൂചന (4) പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. സൂചന (3)-ലെ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജിതേഷ് കെ. ഉൾപ്പെടെ ഉള്ളവരെ സ്ഥലംമാറ്റം ഒഴിവാക്കിയാണ് സ്ഥാനക്കയറ്റം അനുവദിച്ചത്. എന്നാൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽ വന്നതിനാലാണ് സൂചന (3) പ്രകാരമുള്ള കത്തിൽ സ്ഥലംമാറ്റം ഒഴിവാക്കി ഉദ്യോഗക്കയറ്റം നൽകാൻ നിർദ്ദേശിച്ചതെന്നും, പെരുമാറ്റച്ചട്ടം പിൻവലിച്ച ഉടൻ തന്നെ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കണമായിരുന്നുവെന്നും, സൂചന (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം അടിയന്തിരമായി നടത്തണമെന്നും സൂചന (5) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ അച്ചടി വകുപ്പിൽ പ്രിന്റിംഗ്/ഓഫ്സെറ്റ് വിഭാഗത്തിൽ താഴെ പറയും പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ആരുടെ ഒഴിവിൽ | സ്ഥലംമാറ്റത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | ശ്രീ. ജിതേഷ് കെ, സീനിയർ ഗ്രേഡ് പ്രിന്റർ, ഗവ. പ്രസ്സ്, ഷൊർണ്ണൂർ | ഗവ. പ്രസ്സ്, കോഴിക്കോട് | ശ്രീ.പി.എം. സക്കീർഹുസൈനെ സ്ഥലംമാറ്റിയ ഒഴിവിൽ | |
| 2 | ശ്രീ. പി.എ. സക്കീർ ഹുസൈൻ, സീനിയർ ഗ്രേഡ് പ്രിന്റർ, ഗവ. പ്രസ്സ്, കോഴിക്കോട് | ഗവ. പ്രസ്സ്, ഷൊർണ്ണൂർ | ശ്രീ.ജിതേഷ് കെ. യെ സ്ഥലംമാറ്റിയ ഒഴിവിൽ | |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ അതാത് കാര്യാലയ മേധാവികൾ സ്വീകരിക്കേണ്ടതും ആ വിവരം സത്വരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്/-,

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സിഎ./സൂപ്രണ്ടിന്റെ സി.എ./
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട്/ ഷൊർണ്ണൂർ/
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ സീനിയർ സൂപ്രണ്ട്./
ജൂനിയർ സൂപ്രണ്ട്.ഇ.I./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.